# മിശ്രവിവാഹ പ്രസ്ഥാനം കേരളത്തിൽ

By

ജി. ഷൺമുഖം

MISRAVIVAHA PRESTHANAM
KERALATHIL
(Malayalam Essays)
By. G. SHUNMUGHAM
First Published
OCTOBER 1986
Copies : 1000
Price : 5.00
Printed at
Nirmala Printer's,
Neendoor.
Published By
L. PADMAVATHI,
Saritha Bhavan,
Kattathy,
Ettumanoor P. O.,
Pin - 686631.

# സമർപ്പണം

സാമൂഹ്യ വിപ്ലവത്തിൻെറ മുന്നണി പോരാളി
കളായ കേരളത്തിലെ മിശ്രവിവാഹിതർക്ക്-

# രണ്ടുവാക്ക്

മിശ്രവിവാഹസംഘവുമായി കഴിഞ്ഞ ഇരുപത്തിയാറു കൊല്ലമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു വരുന്ന ഒരു എളിയ പ്രവർത്തകനാണു ഞാൻ. ആ തന്റേടമാണ് എന്നെ ഈ സാഹസത്തിനു പ്രേരിപ്പിച്ചതു്. മികച്ച സാഹിത്യകാരന്മാരും, ബുദ്ധിജീവികളും ഉള്ള ഈ കേരളത്തിൽ ആരും ഈ രംഗത്തേയ്ക്കു് കടന്നുവന്നതായി അറിവില്ല. എന്റെ ഈ പരിശ്രമം ആർക്കെങ്കിലും പ്രയോജനപ്പെട്ടുമെങ്കിൽ ഞാൻ കൃതാർത്ഥനായി. തെററുകളും, കുററങ്ങളും കണ്ടേക്കാം. വിമർശനങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

ഈ പുസ്തകത്തിന്റെ വിലയുടെ 20 ശതമാനം തുക കൊണ്ടു് കോട്ടയം ജില്ലയിലെ മിശ്രവിവാഹിതരുടെ തിരഞ്ഞെടുക്കപ്പെടുന്ന സന്തതികൾക്കു് വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം നൽകുന്നതാണ്.

ജി. ഷൺമുഖം

ഏററുമാനൂർ,
1-9-1986.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1 | ചരിത്ര പശ്ചാത്തലം | 1 |
| 2 | മിശ്രവിവാഹ പ്രസ്ഥാനത്തിന്റെ ആരംഭം | 3 |
| 3 | മിശ്രവിവാഹസംഘത്തിന്റെ പ്രവർത്തന നേട്ടങ്ങൾ | 9 |
| 4 | മിശ്രവിവാഹങ്ങൾ നടത്തേണ്ട രീതികൾ | 12 |
| 5 | മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങളും- ചില ഗവണ്മെന്റ് ഓർഡറുകളുടെ കോപ്പിയും | 14 |
| 6 | മിശ്രവിവാഹിതരുടെ ഒരു സാമ്പിൾ സർവേ | 26 |
| 7 | മിശ്രവിവാഹസംഘം ഭാരവാഹികളുടെ മേൽവിലാസം | 26 |
| 8 | കേരള ഗവ: ന് മിശ്രവിവാഹസംഘം സമർപ്പിച്ച അവകാശപത്രിക | 29 |
| 9 | മിശ്രവിവാഹിതരുടെ പ്രശ്നങ്ങൾ | 32 |

# ചരിത്ര പാശ്ചാത്തലം

ഈ പ്രപഞ്ചത്തിൽ മനുഷ്യനുണ്ടാകുന്നതിനുമുൻപ് എത്രയോ പരിണാമചക്രങ്ങൾ കറങ്ങിത്തിരിഞ്ഞു. അതുപോലെ എത്രയോ പരിവർത്തനങ്ങൾക്ക വിധേയമായശേഷമാണ് ഇന്നത്തെ മനുഷ്യ സമുദായം രൂപപ്പെട്ടുവന്നതു്. നഗ്നരായി ഗുഹകളിൽ അന്തിയുറങ്ങിയ ആദിമനുഷ്യൻ, വന്യമൃഗങ്ങളിൽനിന്നു രക്ഷപ്പെടുന്നതിനും ആഹാരസമ്പാദനത്തിനുംവേണ്ടി ചെറുസംഘങ്ങളായി സംഘടിച്ചു. അവിടംമുതൽ മനുഷ്യസംസ്ക്കാരം ആരംഭിച്ചു എന്നുപറയാം. ഇടിയും മിന്നലും, പേമാരിയും കൊടുങ്കാററും ഒക്കെ കണ്ടു പേടിച്ചുനിന്നു. പിന്നെ അവയെ ആരാധിക്കാൻ തുടങ്ങി. ചെറുസംഘങ്ങൾ പെററുപെരുകിയപ്പോൾ കൂടുതൽ സുരക്ഷിതത്വത്തിനും, ആഹാര സമ്പാദനത്തിനുംവേണ്ടി കാടുകാടാന്തരങ്ങൾ കയറിയിറങ്ങി. കയ്യൂക്കുള്ള സംഘങ്ങൾ നിലനിന്നു. അങ്ങനെ ഗോത്രങ്ങളുണ്ടായി, വർഗ്ഗങ്ങളുണ്ടായി, രാജവംശങ്ങളുണ്ടായി. എന്തിന്, ഭരിക്കുന്നവൻ-ബുദ്ധിയും കയ്യൂക്കും ഉള്ളമനുഷ്യൻ - അവൻെറ നിലനിൽപ്പിനുവേണ്ടി ദൈവത്തെ ഭയന്നു് കയ്യൂക്കുള്ള മനുഷ്യൻ ഭരിക്കാൻവേണ്ടി നിന്നു കൊടുത്തു. അവൻ ഒരിക്കലും ഒന്നിക്കാതിരിക്കാൻവേണ്ടി തൊഴിലിൻെറ അടിസ്ഥാനത്തിൽ ജാതിവ്യവസ്ഥകളുണ്ടാക്കി, ഗ്രേഡ് അനുസരിച്ചു ദൈവങ്ങളെയും. അങ്ങിനെ സംഘടിതമതങ്ങളുണ്ടായി. മനുഷ്യനെ പല തട്ടുകളിലാക്കി മതം വെന്നിക്കൊടിപാറിച്ചു. മനുഷ്യനും മനുഷ്യനും ഏററുമുട്ടി, രക്തപുഴകൾ നാടുനീളെ ഒഴുകി. അവരുടെ രക്തത്തിലൂടെ മതങ്ങൾവളർന്നു. സാമ്രാജ്യങ്ങൾ വളർന്നുപന്തലിച്ചു.

ധാർമ്മിക തത്വങ്ങൾക്ക മുൻതൂക്കംകൊടുത്തുകൊണ്ടാണ് ആദികാലത്തു് മതങ്ങളെല്ലാം ഉണ്ടായിട്ടുള്ളതു്. അറേബ്യയിൽ അന്ധവിശ്വാസത്തിലും അനാചാരത്തിലും ആണ്ടുകിടന്ന ജനതയിലും സാഹോദര്യത്തിൻെറ ഭദ്രദീപം കൊളുത്തിയ മുഹമ്മദുനബിയും, തന്നെ

പ്പോലെ തൻെറ അയൽക്കാരനെ സ്നേഹിക്കാൻ പഠിപ്പിച്ച യേശുക്രിസ്തുവും ഒക്കെ അതിനുദാഹരണങ്ങളാണ്. പിന്നീട് മതത്തിൻെറ മറവിൽ സാമ്രാജ്യങ്ങളുണ്ടായി. സാമ്രാജ്യമേധാവികൾ മതങ്ങളെ ചൊൽപ്പടിക്കുനിർത്തി. അങ്ങിനെ മതത്തിൻെറ എല്ലാ ഗുണങ്ങളും നിഷ്പ്രഭങ്ങളായി. ഇൻഡ്യയിൽ ആര്യന്മാർ സ്ഥാപിച്ച ബ്രാഹ്മണമതത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി ബുദ്ധമതവും ജൈനമതവും ശക്തമായിത്തന്നെ ആഞ്ഞടിച്ചു. ബുദ്ധമതവും ജൈനമതവും നിരീശ്വരമതങ്ങളായിട്ടാണ് വളർന്നുവന്നതു്. ബ്രാഹ്മണമതത്തിലെ യുക്തിഹീനതകൾക്കെതിരായി ചാർവാകനും, കണ്യാദനും പടപൊരുതിയിട്ടുണ്ട്. തകർന്നുതരിപ്പണമായ ബ്രാഹ്മണമതത്തെ ഹിന്ദുമതരൂപത്തിൽ പുനർജീവിപ്പിച്ചതു് ആദിശങ്കരനാണ്., ജാതിവ്യവസ്ഥകൾ അരക്കിട്ടുറപ്പിച്ചതും അദ്ദേഹം തന്നെയാണ്. മറെറാരുമതത്തിലും ഇല്ലാത്ത ജാതികളും ഉപജാതികളും ഹിന്ദുമതത്തിൽ മാത്രമേയുള്ളു. അതുപോലെതന്നെ എണ്ണിയാലൊടുങ്ങാത്ത ദൈവങ്ങളും. ഇൻഡ്യയിലെ രണ്ടാളെ നോക്കാൻ ഓരോ ദൈവംവീതം ഉണ്ടെന്നാണ് കണക്കു് (മുപ്പത്തിമുക്കാൽ കോടി എന്നകണക്കുവച്ചു് )

ജാതികളുടെ മുൻപന്തിയിൽ കേരളം നിൽക്കുന്നു. സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയം എന്നു് വിശേഷിപ്പിച്ചതു് അതുകൊണ്ടാണ്. ജാതിയുടെപേരിൽ എന്തെല്ലാം അനാചാരങ്ങൾ നമ്മുടെ നാട്ടിൽ നിലനിന്നിരുന്നു. തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, തമ്മിൽ കെട്ടില്ലാത്തോർ, ഒന്നിച്ചുണ്ണാത്തവർ എന്നിങ്ങനെ കുമാരനാശാൻ പാടിയപോലെ ''ഒട്ടല്ലഹോ ജാതിക്കോമരങ്ങൾ'' ഉയർന്നജാതിക്കാരൻ നടക്കുന്നതിനടുത്തുകൂടെ താണജാതിക്കാരനു നടക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ടായിരുന്നു എന്നു് ഇന്നത്തെ യുവതലമുറയോടുപറഞ്ഞാൽ ഒരിക്കലും വിശ്വസിക്കുയില്ല. ഉയർന്നജാതിക്കാരുടെ ദൈവമായ ശിവനെയും വിഷ്ണുവിനെയും ആരാധിക്കാൻ പാടില്ലായിരുന്നു. താണജാതിക്കാർ വല്ല മാടനേയോ,ചാമുണ്ടിയേയോ, മറുതയയോ പൂജിച്ചുകൊള്ളണം. എന്തിനുതാണജാ

തിയിൽപ്പെട്ട സ്ത്രീകളുടെ മാറുമറയ്ക്കാൻ പാടില്ലായിരുന്നു. ഇന്നതൊക്കെ കേൾക്കുമ്പോൾ അത്ഭുതംതോന്നുമെങ്കിലും എല്ലാം യാഥാർത്ഥ്യങ്ങളായിരുന്നു. ഇന്നു നാം കാണുന്ന വിപ്ലവകരമായ മാററങ്ങൾ വെറുതേ ഉണ്ടായതാണോ, ഒരിക്കലുമല്ല. നിരന്തരമായ പോരാട്ടത്തിൻെറ ത്യാഗോജ്ജ്വലമായ സമരങ്ങളുടെ- ഒരായിരം ആവിപാറുന്ന കഥകൾ അതിനുപറയാനുണ്ട്. കേരളത്തിൻെറ സാമൂഹ്യചരിത്രം പഠിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും അതു മനസ്സിലാക്കാവുന്നതേയുള്ളു.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും നട്ടംതിരിഞ്ഞ കേരളത്തിൽ ആഞ്ഞടിച്ച ഒരു കൊടുങ്കാററായിരുന്നു ശ്രീനാരായണ ഗുരു. ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന വിപ്ലവധ്വനി കേരളത്തിലെ സാമൂഹ്യമണ്ഡലമാകെ ഇളക്കിമറിച്ചു. മിശ്രഭോജനം, മിശ്രവിവാഹം അദ്ദേഹത്തിൻെറ പ്രായോഗികാശയങ്ങളായിരുന്നു. ഈ പ്രസ്ഥാനം ഒരു കൊടുങ്കാററായി കേരളമാകെ ആഞ്ഞടിച്ചു. പലതും തകർന്നുവീണു, പുതിയൊരുകേരളം അങ്ങിനെ രൂപംപ്രാപിച്ചു.

## മിശ്രവിവാഹപ്രസ്ഥാനത്തിൻെറ ആരംഭം

വിവിധ ജാതി-മതസ്ഥർ തമ്മിൽ വിവാഹിതരായി യാതൊരു മതത്തിലും ജാതിയിലും പെടാത്ത യഥാർത്ഥ മനുഷ്യജാതിയെ സൃഷ്ടിക്കലാണ് മിശ്രവിവാഹംകൊണ്ട് ഉദ്ദേശിക്കുന്നതു്. ജീവശാസ്ത്രപരമായി മിശ്രവിവാഹ സന്തതികൾ ഒരു മതത്തിലും ജാതിയിലും പെട്ടവരായിരിക്കുകയില്ല. വ്യത്യസ്ഥ ജാതി-മത രക്തങ്ങൾ ഒന്നു ചേർന്നാലെ യഥാർത്ഥ മനുഷ്യനാകുകയുള്ളു. ജാതിയെയും മതത്തെയും നശിപ്പിക്കാൻ പ്രായോഗികമായ മാർഗ്ഗം മിശ്രവിവാഹം മാത്രമെയുള്ളു.

മിശ്രവിവാഹം പുതിയൊരാശയമാണോ? ഒരിക്കലുമില്ല. നമ്മ

ടെ പുരാണങ്ങളിലും ഇതിഹാസങ്ങളിലും ഇതിന്നു് എത്രയോ ഉദാഹരണങ്ങൾ വേണമെങ്കിലും എടുത്തുകാണിക്കുവാൻ സാധിക്കും. വേദങ്ങളുടെ ഉപജ്ഞാതാവായ വേദവ്യാസൻ തന്നെ ഒരു മിശ്രവിവാഹസന്തതിയാണു്. ആര്യ-ദ്രാവിഡ സംഘട്ടനങ്ങളുടെയും സങ്കലനങ്ങളുടെയും ചരിത്രമാണല്ലൊ ഇൻഡ്യൻ സംസ്കാരത്തിൻെറ ഉറവിടം. അക്കാലങ്ങളിൽ നടന്നിട്ടുള്ളതുപോലെ വർഗ്ഗസങ്കരം ഇൻഡ്യയിൽ ഒരിക്കലും നടന്നിട്ടില്ല. ഭാസുരമായ ഒരു സംസ്കാരം തന്നെ അന്നു് ഉടലെടുത്തു. ഇന്ത്യയിലെ മുസ്ലീം ഭരണാധികാരി അക്ബർ ഹിന്ദു-മുസ്ലീം ഐക്യത്തിന്നു് വേണ്ടി മിശ്രവിവാഹങ്ങളെ പ്രോത്സാഹിപ്പിച്ചു. അദ്ദേഹം തന്നെ ആദ്യം അതിന്നു മാതൃക കാട്ടുകയും ചെയ്തു. കേരളത്തിൽ സവർണ്ണർ തമ്മിൽ ഏകപക്ഷീയമായ വിവാഹങ്ങൾ നടന്നിട്ടുണ്ടു്. സവർണ്ണർ ഇത്ര ബുദ്ധിശാലികളാകാൻ കാരണം മിശ്രവിവാഹങ്ങളാണെന്നു് ചരിത്രകാരനായ ഇളംകുളം കുഞ്ഞൻപിള്ള ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. പ്രകൃതിയിലായാലും ജന്തുക്കളിലായാലും മനുഷ്യരിലായാലുംസങ്കരത്തിന്നു് മഹത്തായ ഗുണങ്ങളാണുള്ളതു്. ഗുണത്തിലും മേന്മയിലും അവ മികച്ചതുതന്നെയാണു്.

ലോകസംഘടിതമതങ്ങളായ ഇസ്ലാംമതവും ക്രിസ്തുമതവും ഏതാണ്ടതിൻെറ ആരംഭകാലം മുതൽ തന്നെ കേരളത്തിൽ വേരോടിതുടങ്ങിയതാണു്. കേരളസംസ്കാരത്തിൻെറ എല്ലാതലങ്ങളിലും അതിൻെറ പ്രതിഛായകൾ നമുക്കു് കാണാൻ സാധിക്കും. ഇന്ത്യൻ മതങ്ങളായ ബുദ്ധമതവും ജൈനമതവും കേരളമാകെ പടർന്നുപന്തലിച്ചിരുന്നു. ശബരിമലയും, ഓച്ചിറയും, കൊടുങ്ങല്ലൂരും ഒക്കെ അതിൻെറ നിത്യസ്മരണകളായി ഇന്നും നിലകൊള്ളുന്നുണ്ടു്. താരതമ്യേന ശാന്തരും അഹിംസാവാദികളും ആയ ബുദ്ധ-ജൈന ഭിക്ഷുക്കളെ തെറിപ്പാട്ടു കൊണ്ടും കയ്യൂക്കു്കൊണ്ടും ഹിന്ദുമേധാവികൾ ആട്ടിയിറക്കിയതിൻെറ ചരിത്രമാണു് നമുക്കുള്ളതു്. ഓരോ അമ്പലങ്ങളിലും ഉള്ള അരയാൽമാത്രം ബുദ്ധമതസംസ്കാരത്തിൻെറ നഷ്ടസ്വപ്നങ്ങളുമായി നിലനിൽക്കുന്നുണ്ടു്. ബുദ്ധമതം ഇന്ത്യവിട്ടു വിദേശത്തു പോയപോലെ അതുകേരളവും വിട്ടു. അന്നുമുതലിവിടെ

ജാതിവ്യവസ്ഥയും അനാചാരങ്ങളും നടമാടി, ഇവിടം ഭ്രാന്താലയമായി.

ശ്രീനാരായണഗുരുവിൻെറ ഭൗതികശിഷ്യരിൽ പ്രമുഖനായ കെ. അയ്യപ്പൻെറ നേതൃത്വത്തിൽ 1917 ൽ ചെറായിൽ സ്ഥാപിച്ച സഹോദരസംഘം കേരളത്തിൽ മിശ്രഭോജനം, അയിത്തോച്ചാടനം, വിധവാവിവാഹം എന്നീ സാമൂഹ്യപരിഷ്ക്കരണപ്രവത്തനങ്ങൾക്ക് ആരംഭം കുറിച്ചു. ചെറായിലെ തുണ്ടിടപ്പറമ്പിൽവച്ചു ഹരിജനായ ചോതി ഉൾപ്പെടെ നാനാജാതിമതസ്ഥരായ ഒരു സംഘം ചെറുപ്പക്കാർ പന്തിഭോജനം നടത്തി. ഈ സംഭവം യാഥാസ്ഥിതികരെ ആകെ വിരളിപിടിപ്പിച്ചു. അതിൽ പങ്കെടുത്ത പലരേയും ഭ്രഷ്ട്കല്പിച്ച് വിജ്ഞാനവർദ്ധിനി സഭയിൽനിന്നും പുറത്താക്കി, 'പുലച്ചോവന്മാർ' എന്ന പേരും നൽകി. സഹോദരനയ്യപ്പനെ 'പുലയനയ്യപ്പനാക്കി' നീറുങ്കല എറിഞ്ഞതുക്കൂടാതെ നാടുകടത്തണമെന്ന നിവേദനവുമായി യാഥാസ്ഥിതികർ കൊച്ചിരാജാവിൻെറ അടുത്തുവരെപോയി. ഈ സംഭവം കേരളത്തിൽ സാമൂഹ്യ പരിഷ്ക്കരണരംഗത്തു് മായാത്ത മുദ്രപതിപ്പിച്ചിട്ടുള്ള ഒന്നാണ്. ഈ സാഹചര്യത്തിലാണ് ആലുവാ അദ്വൈതാശ്രമത്തിൽ വിശ്രമിക്കുകയായിരുന്ന ശ്രീനാരായണഗുരുവിനെ സഹോദരനയ്യപ്പൻ ചെന്നുകാണുകയും സ്വന്തം കൈപ്പടയിൽ താഴെക്കാണുന്ന സന്ദേശം എഴുതിവാങ്ങിക്കുകയും ചെയ്തു. അതു് ഇതാണ് " മനുഷ്യരുടെ മതം, ഭാഷ, വേഷം മുതലായവ എങ്ങിനെയായിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ടു് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിൽ യാതൊരു ദോഷവും ഇല്ല." ഈ സന്ദേശത്തിൻെറ ലക്ഷക്കണക്കിനു കോപ്പികൾ സഹോദരസംഘക്കാർ ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചു. ഇതിനെതുടർന്നു് സഹോദരനയ്യപ്പൻെറ നേതൃത്വത്തിൽ പള്ളുരുത്തിയിൽവച്ചു് ശങ്കു എന്ന ഈഴവ യുവാവും മാണി എന്ന പുലയ യുവതിയും തമ്മിലുള്ള മിശ്രവിവാഹം നടന്നു. ഇതിനു പ്രേരണ നൽകിയതു് വർക്കല ശിവഗിരിയിൽവച്ചു് ഒരു മദാമ്മയുടെ കഴുത്തിൽ ഒരു ഈഴവ യുവാവിനെകൊണ്ടു് വരണമാല്യമണിയിച്ച ശ്രീനാരായണൻെറ മാതൃകയായിരുന്നു.

ഈ കാലഘട്ടത്തിൽ കേരളത്തിൽ യുക്തിവാദപ്രസ്ഥാനം ഒരു ചിന്താസരണി എന്ന നിലയിൽ പ്രവർത്തിച്ചുതുടങ്ങിയിരുന്നു. എം. സി. ജോസഫ്, സി. വി. കുഞ്ഞുരാമൻ, രാമവർമ്മതമ്പാൻ എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ച യുക്തിവാദിമാസികയും, യുക്തിവാദിസംഘവും കേരളത്തിലെ പുരോഗമനപ്രസ്ഥാനങ്ങൾക്ക ശക്തിനൽകുകയുണ്ടായി.

മേൽപ്പറഞ്ഞവയിൽ നിന്നെല്ലാം പ്രചോദനം ഉൾക്കൊണ്ടു കൊണ്ടാണ് കേരളത്തിലെ മിശ്രവിവാഹപ്രസ്ഥാനത്തിൻെറ സംഘടിത രൂപത്തിലുള്ള പ്രവർത്തനം ആരംഭിക്കുന്നതു്. 1949 ൽ ശ്രീ ചൊവ്വര പരമേശ്വരൻ പ്രസിഡൻറും ശ്രീ വി. കെ. പവിത്രൻ ജനറൽസെക്രട്ടറിയുമായി കൊച്ചി മിശ്രവിവാഹസംഘം രൂപീകൃതമായി. അന്ന് ആ സമ്മേളനത്തിൽ പങ്കെടുത്ത ചെറുപ്പക്കാരെല്ലാം തങ്ങൾ മിശ്രവിവാഹമെ നടത്തു എന്നു പ്രതിജ്ഞയെടുത്തിരുന്നു. ഇത്തരത്തിൽ പ്രവർത്തിച്ചുതുടങ്ങിയ കൊച്ചി മിശ്രവിവാഹസംഘമാണ് പിന്നീട് കേരള മിശ്രവിവാഹ സംഘത്തിന രൂപം നൽകിയതു്. 1958 ഏപ്രിൽ 20-ാം തീയതി രൂപീകരിച്ച കേരളമിശ്രവിവാഹസംഘത്തിൻെറ പ്രഥമ ജനറൽ സെക്രട്ടറി ശ്രീ വി. കെ. പവിത്രൻ തന്നെയായിരുന്നു. പ്രസിഡൻറ് കെ. ഏ. സുബ്രഹ്മണ്യവും. മിശ്രവിവാഹമെ നടത്തു എന്നു പ്രതിജ്ഞയെടുത്തവരിൽ ഒരാളായ ശ്രീ പവിത്രൻ ആലോചിച്ചുറപ്പിച്ച വിവാഹമാണ് നടത്തിയതു്. കേരള മിശ്രവിവാഹ പ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ ശ്രീ വി. കെ. പവിത്രനുള്ളസ്ഥാനം അദ്വിതീയമാണ്. ശ്രീനാരായണഗുരുവിൻെറയും സഹോദരനയ്യപ്പൻെറയും ആശയങ്ങൾക്ക് പ്രായോഗിക രൂപം നൽകിയ ശ്രീ വി. കെ. പവിത്രനെ പ്രബുദ്ധ കേരളത്തിനൊരിക്കലും മറക്കാൻ പററുകയില്ല. വളരെക്കാലം ജനറൽ സെക്രട്ടറിയായിരുന്നു കൊണ്ടു് കേരളമാകെ ശാഖകൾ രൂപീകരിച്ച ഒരു പടയണിതന്നെയുണ്ടാക്കി. മിശ്രവിവാഹിതരുടെ പടവാൾ എന്ന നിലയിൽ 'മിശ്രവിവാഹസംഘം ബുള്ളററിൻ' എന്ന മാസികയും അദ്ദേഹ

ത്തിന്റെ പത്രാധിപത്യത്തിൽ തുടങ്ങി. ആദർശധീരരായ ആയിരകണക്കിനു പ്രവർത്തകരെ സൃഷ്ടിക്കുന്നതിനു ആ സ്നേഹസമ്പന്നനു കഴിഞ്ഞു. അദ്ദേഹത്തിന്റെ സ്നേഹമസൃണമായ പെരുമാററവും സഹോദരതുല്യമായ സ്നേഹവും അദ്ദേഹവുമായി ഇടപഴകിയിട്ടുള്ളവർക്കെല്ലാം അറിയാവുന്നതാണ് കേരളത്തിലെ മിശ്രവിവാഹിതർക്കും സംഘം പ്രവർത്തകർക്കും എപ്പോഴും കയറിച്ചെല്ലാവുന്ന-സ്വന്തം കുടുംബാംഗങ്ങളെപോലെ പെരുമാറാവുന്ന – ഒരു കുടുംബമാണദ്ദേഹത്തിന്റേതു്. ആ സ്നേഹസമ്പന്ന കുടുംബത്തെ പററിപറഞ്ഞാൽ വളരെയധികം പറയേണ്ടിവരും. ശ്രീ വി. കെ. പവിത്രൻ വളരെക്കാലം ജനറൽ സെക്രട്ടറിയായി സംഘടനയെ നയിച്ചതിനുശേഷം കരുത്തുള്ള യുവാക്കളിൽ നേതൃത്വം ഏൽപിച്ചശേഷം എറണാകുളത്തു വിശ്രമ ജീവിതം നയിക്കുകയാണ്.

അക്കാലത്തു് ശ്രീ പവിത്രൻ എഴുതിയതും പല യുവജനസംഘടനകളും അവരുടെ മുദ്രാവാക്യങ്ങളായി സ്വീകരിച്ചതുമായ ഒരു സംഘഗാനം താഴെ ഉദ്ധരിക്കുകയാണ്.

ഞങ്ങളിലില്ല ക്രൈസ്തവരക്തം
ഞങ്ങളിലില്ല ഹൈന്ദവരക്തം
ഞങ്ങളിലില്ല ഇസ്ലാംരക്തം
ഞങ്ങളിലുള്ളതു് മാനവരക്തം !
ചോരകളൊന്നായ് കലരട്ടെ
ചോരകളൊന്നായ്ത്തീരട്ടെ
സിരയും സിരയും തമ്മിലിണങ്ങി
സൗഹൃദമെങ്ങും പുലരട്ടെ !
മനുഷ്യ ചേതന നിന്നു തുടിപ്പതു്
നാഡിയിടിപ്പാലറിയട്ടെ
ആയിടിനാദം സൗഹൃദഘോഷം
പാരിടമാകെ മുഴങ്ങട്ടെ !
ജാതിമതങ്ങൾ തകർന്നാലേ
ഭാഷാചിന്തകൾ പോയാലേ

മാനവരെന്നായ്ത്തീരും മോഹന
സോദരബന്ധം കണികാണു !
പുതിയൊരു ജനത പിറക്കട്ടെ
പുതിയൊരുനാദം ഉയരട്ടെ
പുതിയൊരു ലോകം പുലരട്ടെ
വിശ്വസൗഹൃദമുണരട്ടെ !

1958 ൽ പ്രവർത്തനം ആരംഭിച്ച സംഘടന ഒരു സാംസ്കാരിക വിപ്ലവ സംഘടന എന്ന നിലയിൽ രജിസ്റ്റർ ചെയ്യാതെയാണ് 1973 വരെ പ്രവർത്തിച്ചുകൊണ്ടിരുന്നതു്. എന്നാൽ ചില പ്രായോഗിക പ്രശ്നങ്ങൾ കാരണം സംഘടന രജിസ്റ്റർ ചെയ്യാൻ തീരുമാനിക്കുകയും രജിസ്ട്രേഷനു വേണ്ടി തിരുവനന്തപുരം ഡിസ്ട്രിക്റ്റ് രജിസ്ട്രാർ മുമ്പാകെ അതിനുള്ള അപേക്ഷകൾ അയയ്ക്കുകയും ചെയ്തു. എന്നാൽ മിശ്രവിവാഹസംഘം ഈശ്വരവിശ്വാസികളുടെ തല്ലെന്ന ഭാഷ്യം കൊടുത്തുകൊണ്ട് രജിസ്ട്രേഷൻ നൽകാൻ ഡിസ്ട്രിക്റ്റ് രജിസ്ട്രാർ വിസമ്മതിക്കുകയുണ്ടായി. ഇതിനെതിരെ കർമ്മോത്സുകരായ സംഘം പ്രവർത്തകർ ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷന് അപ്പീൽ സമർപ്പിച്ചു. അദ്ദേഹം ഡിസ്ട്രിക്റ്റ് രജിസ്ട്രാരുടെ ഉത്തരവ് ക്യാൻസൽ ചെയ്തുകൊണ്ട് സംഘത്തിന് രജിസ്ട്രേഷൻ നൽകുകയുണ്ടായി. (രജി: നമ്പർ 86/1973) അന്നത്തെ രജിസ്ട്രേഷൻ ഐ ജി. ആദർശധീരനായ ശ്രീ വി. കെ. മാധവനായിരുന്നു.

മിശ്രവിവാഹസംഘത്തിൻെറ പ്രവർത്തനങ്ങളിൽ എല്ലായിപ്പോഴും സഹകരിച്ചുപോന്നിട്ടുള്ളവരാണ് സഹോദരനയ്യപ്പൻ, വി.ടി ഭട്ടതിരിപ്പാട്, എം. സി. ജോസഫ്, കുററിപ്പുഴകൃഷ്ണപിള്ള, V. R കൃഷ്ണയ്യർ, മുൻചീഫ് ജസ്റ്റീസ് ററി. സി. രാഘവൻ, സി. അച്ചുതമേനോൻ, ഇ. എം. എസ്., ഏ. കെ. ഗോപാലൻ,, സി. ആർ. കേശവൻവൈദ്യർ, കെ. വി. കുമാരൻ, എം. പ്രഭ തുടങ്ങിയ മഹാരഥന്മാർ. ഭാരവാഹികളിൽ പ്രമുഖർ ഇടമറുക്, സോളി ഇടമറുക്, കെ. ഏ. മാമ്മൻ, ഏ. ആർ. പ്രകാശം, ജോൺസൺ ഐരൂർ,

ലിയോൺസ് ശാസ്താംകോട്ട, ഉമാ മഹേശ്വരൻ, കല്പറ്റ വാസുദേവൻ കെ. കെ. പെരുമാൾ, ബി. കെ. വേങ്ങാലിൽ, ഏ.സി. ജോസ് തെരുവത്തു് രാമൻ, കുമരകം ശങ്കുണ്ണി മേനോൻ, ആർ. കെ. കോവൂർ, വി. പി. പുരുഷോത്തമൻ, കെ. കെ. ശ്രീധരൻ, എം. എൻ. ബാലകൃഷ്ണൻ നായർ, Dr. കൊട്ടിയം സുധാകരൻ, എൻ. അരവിന്ദാക്ഷമേനോൻ തുടങ്ങിയവരാണ്.

സംഘത്തിന്റെ ഇപ്പോഴത്തെ സംസ്ഥാന പ്രസിഡന്റ് ശ്രീ എൻ. ചന്ദ്രബോസും, ജനറൽ സെക്രട്ടറി പ്രൊഫസർ അരുമാനൂർ നിർമ്മലാനന്ദനും ആണ്. സംഘടനയുടെ ഇന്നത്തെ ഭാരിച്ച ഉത്തരവാദിത്വങ്ങളും, ചുമതലകളും സ്തുത്യർഹമായി അവർ നിറവേറ്റുന്നുണ്ട്. ഒന്നരലക്ഷത്തിലധികം വരുന്ന മിശ്രവിവാഹിതരുടെ ആശയും ആവേശവുമായി മിശ്രവിവാഹസംഘം കേരളത്തിലങ്ങോളമിങ്ങോളം വളർന്നു പന്തലിച്ചു നിൽക്കുകയാണ്. ഇതിനുവേണ്ടി ത്യാഗപൂർവ്വം പ്രവർത്തിച്ച - പ്രവർത്തിക്കുന്ന - ആയിരക്കണക്കിനു മിശ്രവിവാഹിതരെയും, പ്രവർത്തകരെയും നമുക്കിത്തരുണത്തിൽ അനുമോദിക്കാം !.

## മിശ്രവിവാഹ സംഘത്തിന്റെ പ്രവർത്തന നേട്ടങ്ങൾ

സംഘം പ്രവർത്തനം ആരംഭിച്ച ആദ്യഘട്ടങ്ങളിലും അതിനുമുൻപും മിശ്രവിവാഹം നടത്തിയിട്ടുള്ള നല്ലൊരു ഭാഗം ദമ്പതികൾക്കും നാടുവിട്ടോടി പോകേണ്ടിവരികയോ, കടുത്തമർദ്ദനങ്ങൾക്കുവിധേയമാകേണ്ടിവരികയോ, കള്ളക്കേസുകളിൽ കുടുങ്ങി പോലീസ്സ്റ്റേഷനുകളിൽ കയറേണ്ടിവരികയോ, ആത്മഹത്യചെയ്യേണ്ടിവരികയോ, ഭ്രാന്താരോപിച്ച് ഭ്രാന്താശുപത്രികളിൽ ആക്കുകയോതുടങ്ങിയ അനുഭവങ്ങളുണ്ടായിട്ടുണ്ട്. സംഘം പ്രവത്തനങ്ങൾ ശക്തമായതോടുകൂടി മിശ്രവിവാഹിതർക്കു് മനോധൈര്യം പകന്നു കൊടുക്കാനും, ആവശ്യമായ എല്ലാ സംരക്ഷണങ്ങൾ നൽകാനും

സംവിധാനങ്ങളുണ്ടാക്കി. മററേതൊരു ദമ്പതിമാരെപ്പോലെയും സ്വസ്ഥമായി, സമാധാന ജീവിതം സാദ്ധ്യമാകത്തക്ക സാഹചര്യങ്ങളുണ്ടാക്കിയതും അതിനാവശ്യമായ പൊതുജന പിന്തുണ സമ്പാദിക്കുന്നതിനും ഗവ: നെക്കൊണ്ടു് ആവശ്യമായ ഓർഡറുകളും നിയമങ്ങളും ഉണ്ടാക്കുന്നതിനും സംഘത്തിനു സാധിച്ചിട്ടുണ്ടു്.

സംഘം പ്രവർത്തനം ആരംഭിച്ച 1958 മുതൽ 1970 വരെയും സംഘത്തിൻെറ പ്രവർത്തകരിൽ നല്ലൊരു ഭാഗം സജാതീയ വിവാഹങ്ങൾ നടത്തിയവരായിരുന്നു. പല പിൻതിരിപ്പന്മാരുടെയും ആക്ഷേപഹാസ്യങ്ങൾക്കും വിമർശനത്തിനും അതിടയാക്കിയിരുന്നു. പക്ഷേ, ഇപ്പോഴാകട്ടെ താഴ്ന്ന തലം മുതൽ സ്റ്റേററ തലം വരെ എല്ലാ പ്രവർത്തകരും മിശ്രവിവാഹിതരാണു്. അംഗങ്ങളെല്ലാം മിശ്രവിവാഹിതരും അവരുടെ സന്തതികളും മാത്രമായി വളർന്നിയിരിക്കുകയാണു്. ആദ്യകാലത്തു് മിശ്രവിവാഹത്തോടു ആശയപരമായി യോജിപ്പുള്ളവർക്കു് അംഗത്വം നൽകാൻ സംഘടന നിർബന്ധമായിട്ടുണ്ടു്, കാരണം മിശ്രവിവാഹിതർ കുറവായിരുന്നു. 75 കാലഘട്ടം വരെ മിശ്രവിവാഹം പത്രങ്ങൾക്കൊരു വാർത്തയായിരുന്നു. കേരളത്തിലെ എല്ലാ ദിനപത്രങ്ങളും മിശ്രവിവാഹം പ്രത്യേക ഹെഡ്ഡിംഗിൽ കൊടുക്കുമായിരുന്നു. ഇന്നു സ്ഥിതിമാറി, മിശ്രവിവാഹങ്ങളെ സാധാരണ വിവാഹങ്ങൾ പോലെ പൊതുജനങ്ങൾ കാണാൻ തുടങ്ങിയതായികണക്കാക്കാം

1966 വരെ യാതൊരാനുകൂല്യങ്ങളും ഗവ: ൽ നിന്നും മിശ്രവിവാഹിതർക്കു് ലഭിച്ചിരുന്നില്ല. ആദ്യമായി ഹരിജനവെൽഫെയർ ഡിപ്പാർട്ടുമെൻറ് മിശ്രവിവാഹ ദമ്പതികളിൽ ആരെങ്കിലും ഒരാൾ ഹരിജനാണെങ്കിൽ, സാമ്പത്തികാനുകൂല്യം പ്രഖ്യാപിച്ചു. അതിനെ തുടർന്നു് സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറ് എല്ലാ മിശ്രവിവാഹിതർക്കും ആനുകൂല്യം പ്രഖ്യാപിച്ചു. ദമ്പതികൾക്കു് ഒരേ സ്ഥലത്തേക്കു സ്ഥലം മാററം, ക്വാർട്ടേഴ്സിനു മുൻഗണന, പോലീസ് സംരക്ഷണം തുടങ്ങിയ ഓർഡറുകൾ പുറകെ പുറകെ ഉണ്ടാകുകയുണ്ടായി.

കേരളത്തിലെ സാഹിത്യകാരന്മാരും കവികളും അവരുടെ സൃഷ്ടികളിൽ മിശ്രവിവാഹം വിഷയമാക്കിയിട്ടുണ്ട്. ആദ്യകാലത്തു് കൂടുതൽ മിശ്രവിവാഹങ്ങളും പ്രണയബദ്ധരായ യുവതിയുവാക്കൾ തമ്മിലാണ് നടന്നിട്ടുള്ളതു്. എന്നാൽ ധാരാളമായി ബന്ധുക്കൾ ആലോചിച്ചുറപ്പിച്ച മിശ്രവിവാഹങ്ങളും നടക്കുന്നുണ്ടു്. ദൂരവ്യാപകങ്ങളായ സാമൂഹ്യപരിവർത്തനങ്ങൾക്കു രൂപം നൽകാൻ ഇത്തരം വിവാഹങ്ങൾക്കു കഴിഞ്ഞിട്ടുണ്ടു്. വധുവിൻെറ വീട്ടുമുററത്തുപന്തലിട്ട സദ്യവട്ടങ്ങളോടെ നടത്തിയ ഒരു മിശ്രവിവാഹത്തിനു് യുക്തിവാദി പത്രാധിപർ ശ്രീ എം. സി. ജോസഫ് പന്തലിൽ വച്ചു് കാർമ്മികത്വം നടത്തിയതു് കാണാനിടവന്നിട്ടുണ്ടു്. സഹകാർമ്മികനായി മിശ്രവിവാഹസംഘം ജനറൽ സെക്രട്ടറി പവിത്രനും ഉണ്ടായിരുന്നു. (1967 ൽ ചെറുകരയിൽ (കാവാലം) ഒരു നായർ യുവതിയുടെയും ക്രിസ്ത്യാനി യുവാവിൻെറയും വിവാഹമായിരുന്നുഅതു്)

പ്രേമബദ്ധരല്ലാത്ത യുവതിയുവാക്കൾക്കു വിവാഹിതരാകാൻ വേണ്ടി ഒരു 'മിശ്രവിവാഹബ്യൂറോ' സംഘത്തിൻെറ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നുണ്ടു്. വധുവരന്മാർക്കു് നേരിട്ടോ, മാതാപിതാക്കൾക്കോ അതിനുവേണ്ട അപേക്ഷകൾ കൊടുക്കാവുന്നതാണ്. ബ്യൂറോ മുഖാന്തിരം വളരെയധികം വിവാഹങ്ങൾ കേരളത്തിൽ നടത്തിയിട്ടുണ്ടു്. ജനറൽ സെക്രട്ടറിയിൽനിന്നും ഇതു സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതാണ്.

അന്തരിച്ച കമ്മ്യൂണിസ്റ്റ് നേതാവ് സഖാവ് എ. കെ. ഗോപാലൻ ഒരിക്കൽ ചെയ്ത പ്രസ്താവന വളരെ ശ്രദ്ധേയമാണ്. ''ഞാൻ സ്വാതന്ത്ര്യ സമരത്തിലും, ഗുരുവായൂർ സത്യാഗ്രഹത്തിലും കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിലും പ്രവർത്തിച്ചതിൻെറ എത്രയോ ഇരട്ടിമാററങ്ങളാണ് സുശീലയെ കല്യാണം കഴിച്ചതു നിമിത്തം എൻെറ കുടുംബത്തിലുണ്ടായിട്ടുള്ളതു്.'' ശരിയാണ് കുടുംബത്തിനകത്തു് പരിവർത്തനങ്ങൾ വരുത്താൻ മിശ്രവിവാഹങ്ങൾക്കേ കഴിയുകയുള്ളു. പൊതുമൈതാനങ്ങളിലും, സാഹിത്യകൃതികളിലും എത്ര

തന്നെ ജാതി-മതവിരുദ്ധ സംഹിതകൾ പരാമർശിച്ചാലും അതിനൊന്നും പ്രായോഗിക ജീവിതവുമായി ബന്ധമില്ല. ജാതി, മതം, ഭാഷ, വർഗ്ഗം എന്നിവകൾക്കതീതമായി ബന്ധങ്ങൾ പുലരണം അവിടെമാത്രമെ യഥാർത്ഥ മനുഷ്യസംഗമം നടക്കുന്നുള്ളു

വിവിധ ജാതി-മതസ്ഥരായ ബന്ധുജനങ്ങൾ ഒന്നിച്ചിരുന്ന് ആലോചിച്ചു നടത്തുന്ന ഒരു സാമൂഹ്യ പരിത:സ്ഥിതി സംജാതമാകുക എന്നതാണ് സംഘത്തിന്റെ ലക്ഷ്യം. ആ നവയുഗത്തിന്റെ പിറവിയിൽ സംഘടന തന്നെ പിരിച്ചുവിടേണ്ടിവരും. അതിലേക്കുള്ള പ്രയാണത്തിൽ എത്രയെത്ര കടമ്പകൾ കടക്കേണ്ടതുണ്ട്. എന്തെല്ലാം പ്രതിബന്ധങ്ങളെ തരണം ചെയ്യേണ്ടതുണ്ട്.

## മിശ്രവിവാഹങ്ങൾ നടത്തുന്ന രീതികൾ

ജാതിക്കും മതത്തിനും അതീവശക്തിയുള്ള നമ്മുടെ നാട്ടിൽ മിശ്രവിവാഹങ്ങൾ നടക്കുമ്പോൾ ശക്തമായ എതിർപ്പുകളെ നേരിടേണ്ടിവരും. അതിനെ നേരിടാൻ നിയമപരമായ വിവാഹരീതികൾ അവലംബിക്കുന്നതായിരിക്കും നല്ലതു്. പലപ്പോഴും പോലീസുകേസുകളിലും കോടതികളിലും ചെന്നെത്താറുള്ള മിശ്രവിവാഹപ്രശ്നങ്ങൾ ആദ്യമെ ഗൗരവബുദ്ധിയോടെയും ശ്രദ്ധിച്ചും കൈകാര്യം ചെയ്യേണ്ടതാണ്. മിശ്രവിവാഹസംഘം മുൻകൈയ്യെടുത്തു നടത്തുന്ന വിവാഹങ്ങൾക്കൊന്നും തന്നെ മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ഉണ്ടാകാറില്ല. സാധാരണ അവലംബിക്കാറുള്ള വിവാഹരീതികൾ താഴെ ചേർക്കുന്നു.

### 1. സംഘം രജിസ്റ്റർ ചെയ്യുന്നവ

ചില സന്ദർഭങ്ങളിൽ മിശ്രവിവാഹസംഘം വിവാഹം നടത്തി കൊടുക്കാറുണ്ട്. സംഘത്തിന്റെ വിവാഹരജിസ്റ്ററിൽ വിവാഹം രേഖപ്പെടുത്തിയശേഷം സർട്ടിഫിക്കറ്റുകൾ നൽകാറുണ്ട്. പി

ന്നീടവർ സ്പെഷ്യൽ മാര്യേജ് ആക്ററനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 2 ഹിന്ദു വിവാഹ ആക്ററനുസരിച്ചുള്ള വിവാഹം

വരനും വധുവും ഹിന്ദുമതത്തിലെ വിവിധജാതികളിൽപ്പെട്ടവരാണെങ്കിൽ നിലവിളക്ക് കൊളുത്തി താലികെട്ടി മാലയിട്ടാൽ നിയമപ്രകാരമുള്ള വിവാഹമായി. പിന്നീടതു പഞ്ചായത്തിൽ രജിസ്റ്റർ ചെയ്താൽ മതി.

## 3. രജിസ്ററർ വിവാഹം

കേരളത്തിലെ എല്ലാ രജിസ്റ്റർ ഓഫീസുകളിലും ഇത്തരം വിവാഹങ്ങൾ നടത്തി കൊടുക്കാറുണ്ട്. രണ്ടു സാക്ഷികൾ സഹിതം വിവാഹ ഉടമ്പടി രജിസ്റ്റർ ചെയ്യുകയാണിതു്. ഇതിനു നിയമപരമായ സാധുത കുറവാണ്. കുട്ടികളുടെ സ്വത്തവകാശം, കുടുംബ സ്വത്തു് തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഇത്തരം വിവാഹങ്ങളെ കോടതി അംഗീകരിക്കാറില്ല. വിവാഹ ഉടമ്പടി എന്നതിൽ കവിഞ്ഞ പ്രാധാന്യം ഇതിന്നില്ല. ചില അടിയന്തിര ഘട്ടങ്ങളിൽ ഈ രീതി അവലംബിച്ചതിനുശേഷം സ്പെഷ്യൽ മാര്യേജ് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്യണം.

## 4. സ്പെഷ്യൽ മാര്യേജ് ആക്ട് (1954)

ഇൻഡ്യയിലെ ഏതു ജാതി-മത വിഭാഗത്തിൽ പെട്ടവർക്കും അവലംബിക്കാവുന്ന പൊതുവിവാഹനിയമമാണിതു്. മിശ്രവിവാഹ സംഘം പ്രവർത്തകർ മേൽപ്പറഞ്ഞ നിയമം അനുസരിച്ച വിവാഹം രജിസ്ററർ ചെയ്യാനാണ് ഉപദേശിക്കാറുള്ളതു്. ഈ നിയമം അനുസരിച്ച് വിവാഹം നടത്തുമ്പോൾ താഴെപ്പറയുന്ന ഉപാധികൾക്ക വിധേയമാണ്.

1. കക്ഷികളിൽ, വരന് ഭാര്യയോ വധുവിന് ഭർത്താവോ ജീവിച്ചിരിപ്പുണ്ടാകരുതു്.
2. ഒരു കക്ഷിയും മന്ദബുദ്ധിയോ ചിത്തഭ്രമമുള്ള ആളോ ആകരുതു്.

3. പുരുഷനു് ഇരുപത്തിഒന്നും സ്ത്രീക്കു് പതിനെട്ടു വയസ്സും പൂർത്തിയായിരിക്കണം.
4. കക്ഷികൾ നിരോധിത ബന്ധത്തിൻെറ ഡിഗ്രികളിൽ പെട്ടവരാകരുതു്.

മേൽപ്പറഞ്ഞ യോഗ്യതയുള്ള ആർക്കും രജിസ്റ്റർകച്ചേരികളിൽ ചെന്നു് ഒരു മാസത്തെ നോട്ടീസോടുകൂടി വിവാഹം നടത്താവുന്നതാണു്. ഇതിനു് മൂന്നു സാക്ഷികൾ ആവശ്യമാണു്. വിവാഹത്തിനു നോട്ടീസ് കൊടുത്തു് (അതിനു് പ്രത്യേകം ഫാറം ഉണ്ടു്) ഒരു മാസം കഴിഞ്ഞു് മൂന്നുസാക്ഷികൾ സഹിതം ചെന്നു് രജിസ്ട്രാർ ഓഫീസിൽ വച്ചോ, കക്ഷികൾ നിർദ്ദേശിക്കുന്ന സ്ഥലത്തു വച്ചോ, വിവാഹം രജിസ്റ്റർ ചെയ്തു തരുന്നതാണു്. ഇതിനു സർട്ടിഫിക്കററു ലഭിക്കുന്നതാണു്. ഇത്തരത്തിൽ നടത്തപ്പെടുന്ന വിവാഹങ്ങൾ മൂന്നുവർഷം കഴിയാതെ വേർപെടുത്തൽ ഹർജി ഫയൽ ചെയ്യാൻ പാടുള്ളതല്ല. വളരെ ശക്തമായ - പുരോഗമനപരമായ - നിയമമാണിതു്.

നമുക്കനുകൂലമായ പല നിയമങ്ങൾ ഉണ്ടായിട്ടും അതൊന്നും പാലിക്കാതെ പ്രേമബന്ധരായ യുവതീയുവാക്കൾ തൽക്കാല വികാരങ്ങൾക്കടിമപ്പെട്ടു ഒളിച്ചോടുകയും മററും ചെയ്യുന്നതുകൊണ്ടാണു് അബദ്ധത്തിൽ പോയിചാടുന്നതു്. വിവാഹത്തിനാഗ്രഹിക്കുന്ന സ്ത്രീപുരുഷന്മാർ സംഘം പ്രവർത്തകരുമായി ആലോചിച്ചു് അവരുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്നതാണു് നല്ലതു്.

## മിശ്രവിവാഹിതർക്കുള്ള ഗവ: ആനുകൂല്യങ്ങൾ

### 1. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ നിന്നുള്ളവ

ഭാര്യാഭർത്താക്കന്മാരിൽ രണ്ടാൾ ഹരിജനാണെങ്കിൽ ഗവൺ

മെൻറിൽ നിന്നും രണ്ടായിരം രൂപ ആനുകൂല്യം ലഭിക്കുന്നതാണ്. ഇതിന് അപേക്ഷിക്കുന്നതിനുള്ള ഫാറങ്ങൾ എല്ലാ ഹരിജൻവെൽഫെയർ ഓഫീസുകളിൽ നിന്നും ലഭിക്കും. വിവാഹം കഴിഞ്ഞ് ഒരു കൊല്ലത്തിനുശേഷം ഈ ഗ്രാൻറിന് അപേക്ഷിക്കാവുന്നതാണ്.

## 2 സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ നിന്നുള്ളവ

മിശ്രവിവാഹം നടത്തുന്ന ആർക്കും ഈ ഗ്രാൻറിന് അപേക്ഷിക്കാൻ യോഗ്യതയുണ്ട്. അപേക്ഷിക്കുന്നവരുടെ വാർഷിക വരുമാനം എണ്ണായിരം രൂപയിൽ താഴെയായിരിക്കണം. രണ്ടായിരം രൂപയാണ് ഗ്രാൻറു. തുക കിട്ടിക്കഴിഞ്ഞാൽ തുക ഉപയോഗിച്ച രീതി ഗവൺമെൻറിനെ അറിയിക്കേണ്ടതാണ്. ഈ തുക ശരിയായി ഉപയോഗിച്ചു എന്നതിനു തെളിവുകൾ ഹാജരാക്കിയില്ലെങ്കിൽ തിരിച്ചുപിടിക്കാനും ഗവൺമെൻറിന് അധികാരം ഉണ്ട്. വിവാഹം കഴിഞ്ഞ് ഒരു കൊല്ലം തികഞ്ഞിരിക്കുകയും രണ്ടു കൊല്ലം കഴിയാനും പാടില്ലാത്തതാണ്. ഒരു കൊല്ലം ഭാര്യാഭർത്താക്കന്മാരായി ജീവിച്ചു എന്നതിനു ഗസറ്റഡ് ഓഫീസറിൽ നിന്നും സർട്ടിഫിക്കറ്റും ഹാജരാക്കണം.

മേൽ വിവരിച്ച രണ്ടു രീതിയിലുള്ള ഗ്രാൻറുകളും അതാതു കാലത്തെ അലോട്ടുമെൻറ് തുക അനുസരിച്ചേ വിതരണം നടത്തുകയുള്ളൂ. സാധാരണ ആണ്ടിൽ ഒരു ഡിസ്ട്രിക്ടിൽ 8 കുടുംബങ്ങളിൽ കൂടുതൽ ലഭിക്കാറില്ല. സാധാരണ ജനങ്ങൾ ധരിച്ചുവച്ചിരിക്കുന്നത് മിശ്രവിവാഹിതർക്കെല്ലാം ഗ്രാൻറു ലഭിക്കുമെന്നാണ്.

## 3. പോലീസ് സംരക്ഷണം

ആദ്യകാലത്ത് മിശ്രവിവാഹിതരുടെ ഏററവും വലിയ ശത്രുക്കൾ പോലീസായിരുന്നു. കാരണം മിശ്രവിവാഹിതരെ കള്ളക്കേസുകൊടുത്ത് പോലീസുകാരെകൊണ്ടു പിടിപ്പിക്കും. ഇന്നാസ്ഥിതി മാറിയിട്ടുണ്ട്. മിശ്രവിവാഹിതർക്ക് ആവശ്യമായ സംരക്ഷണം

നൽകാൻ ഇന്നു ഗവ: ഓർഡറുണ്ട്.

## 4. കുട്ടികളുടെ സ്ക്കൂൾ അഡ്മിഷൻ

ഗവൺമെൻറ് ഓർഡർ അനുസരിച്ച് ജാതിയും മതവും രേഖപ്പെടുത്താതെ കുട്ടികളെ സ്കൂളിൽ ചേർക്കാവുന്നതാണ്.

മററു ചില ഗവൺമെൻറ് ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്യുന്ന ഓർഡറുകളുടെ കോപ്പി താഴെ ചേർക്കുന്നു.

GOVERNMENT OF KERALA

Abstract

Public Services-Concessions to Inter-caste Married People
Clarification Issued

PUBLIC SERVICES D DEPARTMENT

G.O. (MS.) No. 106/76/PD. Dated, Trivandrum, Ist April 1976.

Read: 1. G.O. (MS) No.365/PD. Dated 13.9.1966.
2. G.O. (MS) No.209/71/PD. Dated 20.7.1971.
3. G.O. (MS). No.256/75/PD, Dated 1.11.1975.
4. Memorandum dated 24.11.1975, 5.1.1976 and 18.3.1976 from the Mishra Vivaha Sangham, Trivandrum.
5. Memorandum No. MM - 1/75 dated 11.12.1975 from All India Scheduled Caste, Scheduled Tribes and forward Caste Co-marriage Sangh, Kurichy.
6. Memorandum No. 001/KNCC/75-76 dated 14.1.1976 from the Kerala N. C. C. Civilian staff Association, Trivandrum.

ORDER

In the G. O. read as third paper above Govt. issued orders granting the following concessions to the persons who enter into

inter-caste marriages.

1) Inter-caste married people will be given priority for appointment through employment exchanges by including them as item (i) under category I in the G. O. read as first paper above, provided either the father or the mother of the candidate belongs to a Scheduled Caste, or Scheduled Tribe Community.

2) Government employees who have entered into inter-caste marriage will be posted to the same station.

3. The children born of inter-caste marriages will be allowed all educational concessions given to the Scheduled Caste or Scheduled Tribes without reference to the income of the parent of such children provided either the father or the mother belongs to a Scheduled Caste or Scheduled Tribe community. Representations have been received requesting for clarification of the above orders. The Director of Collegiate Education has requested for clarification of whether the orders relating to transfer mentioned above is applicable only if either of the parties belongs to Scheduled Caste/ ST Community. where whether the intention is to allow transfer only subject to exigencies of service or whether persons can be posted to the same station even by transfering out others.

2. Government have considered the matter and they are pleased to issue the following Clarifications.

(i) The concessions of priority for appointment through employment exchanges will be applicable to the inter-caste married people provided one of couple belongs to SC or ST Community and also to the children of such inter-caste married couple provided one of the parents belongs to Scheduled Caste or Scheduled Tribe Community.

It is further clarified that this concession will be applicable only one of the couple is member of SC or ST.

ii) The concession of posting to the same station will be available to all inter-caste marriage. This concession will be applicable where the husband and wife are both State Govt. Emplcyees, one of the couple is a State Govt. employees and the other Central Govt. employee or an employee and of an Autonoumous Quasi Govt. body or even a Private Sector undertaking the State Government employees will be at the same station or in case this is not possible for want or an office or post at the station; at nearby stations. The emplcyees will invariably be accommodated at the same station or nearby station, if necessary, by transfering out other personal and only where for recorded reasons such arrangement is impracticable the concession will not be applicable., While disturbing persons for accommodating an inter-caste married employee at a particular station a person whose husband/wife is also a Govt. Servant in the same station should as far as possible not be disturbed.

3. The concessions-mentioned in Para 2 above will be admissible even in respect of marriages which took place before the concessions where announced.

4. The interpretation of the word inter-Caste marriage also involved. A Namboodiri's marriage in Nair family is allowed by custom. In such cases it will not be necessary to treat the marriage as an inter-caste marriage. But where person belonging to different castes marry each other and where such marriage is not permitted by custom common to the communities, the marriage will be treated as an inter-caste marriage.

By order of the Governor,

C. RANGASWAMY,
Under Secretary.

# GOVERNMENT OF KERALA

## Abstract

Public Service-Concessions to Inter-Caste married people posting to the same station-Clarification-Issued.

PUBLIC (SERVICES D) DEPARTMENT

G. O.(MS.)No.176/76/PD. Dated, Trivandrum, 16th June 1976.

Read: 1. G.O.(MS.)No.256/75/PD dated 1. 11. 1975
2. G.O.(MS.)No.106/76/PD dated 1. 4. 1976
3. Memorandum dated 15.4.1976 from the Secretary, Inter-Caste Marriage(women) sakha, Trivandrum.

## ORDER

In the G.O. read as first paper above it has been ordered among other things that Government employees who have entered into inter-caste marriage will be posted to the same station. In the G.O. read as second paper above the following clarification has been issued in the matter:-

The concession of posting to the same station will be available to all inter-caste marriages. This concession will be applicable where the husband and wife are both state Government employees If one of the couple is a state Government employee and the

other a Central Government employee or an autonomous/Quasi Government body or even a private sector undertaking the state Government employee will be so accommodated in posts that the couple may be at the same station or, in case this is not possible for want of an office or post at the station, at nearby stations. The employees will invariably be accommodated at the same station or nearby station, if necessary, by transferring out other personnel, and only where for recorded reasons such arragement is impracticable the concession will not be applicable. While disturbing a person for accommodating an inter caste married employee at a particular station a person whose husband/wife is also a Government Servant in the same station should, as far as possible, not be disturbed.

Representations have been received requesting for clarification whether Government employees who have entered into inter-caste marriage and secured posting to the same station by virtue of the orders in the G.O. second cited, will be continued in the same station even after one of them gets promotion.

Government have considered the matter and they are pleased to clarify that Government employees who have entered into inter caste marriage and secured posting to a particular station by virtue of the orders in the G.O. second cited will not be disturbed from that station even after getting promotion unless there is no promotion post in that station.

By order of the Governor,

J. S. BADHAN,
Additional Secretary.

GOVERNMENT OF KERALA

GENERAL ADMINISTRATION ( SERVICES D ) DEPARTMENT

CIRCULAR

No. 49268/SD4/80/GAD. Dated, Trivandrum, 31st May, 1980.

Sub:- Public services-Concession of Inter Caste Married people - Clarification issued.

Ref:- 1. G. O. (MS.) No. 256/76/PD. Dated 11-11-1975.
2. G. O. (MS.) No. 106/76/PD. Dated 1-4-1976
3. G. O. (MS.) No. 176/76/PD. Dated 16-6-1976.

Government in the Government order 1st cited, interalia ordered that the Government Employees who have entered into inter-caste marriage will be posted to the same station. In the G. O. second cited, it was clarified that the concession of posting to the same station will available to all inter-caste marriages. This concession will be applicable where the husband and wife are both State Government employees. If one of the couple is a State Government employee and the other a Central Govt. employee or an employee of autonomous/Quasi Govt.body or even a private sector undertaking the State Government employee will be so accommodated in posts that the couple may be at the same station or in case this is not possible for want of an office or post at the station, at nearby station, The employees will invariably be accommodated at the same station or nearby stations if necessary, by transferring out other personeel, and only where for recorded reasons such arrangement is impracticable the concession will not be applicable. While disturbing a person for acc-

ommodating an inter caste married employees at a particular stations a person whose husband/wife is also a Government Servant in the same station should as far as possible not be disturbed.

2. It was further clarified in the G. O. 3rd cited that the employees who have entered into intercaste marriage and secured posting to a particular station by virtue of the orders in the G. O. 2nd cited will not be disturbed from that station even after getting promotion unless there is no promotion post in that station.

3. It has been brought to the notice of Govt. that some Heads of Departments are not following the above orders of Govt. strictly.

4. Government wish to reiterate the above orders and all Heads of Departments/officers are requested to fcllow the same scruplously in future.

E. R. PADMINI,
Additional Secretary.

## GOVERNMENT OF KERALA

### Abstract

Public Services - Recruitment to Lower Ministeroal Cadres at District Level of persons who have entered into Inter-Caste Marriage-Orders issued.

PUBLIC (SERVICES D) DEPARTMENT

G.O. (MS) No.340/76/PD. Dated, Trivandrum, 29th Sept., 1976.

Read - 1) G.O. (MS.) No.154/71/PD. Dated 27.5.1971.

2) G.O. (MS.) No.256/75/PD. Dated 1.11.1975.

3) G.O. (MS. No.106/76/PD. Dated 1.4.1976.

4) Letter No. All (4) 22207/76/GW. Dated 4.9.1976 from Kerala Public Service Commission.

ORDER

In the G.O. read as first paper above Government have ordered among other things that persons recruited through the Public Service Commission as per the Scheme sanctioned in the Government Order will not be allowed transfer from one District to another within a period of five years from the date of commencement of continuous service and that such inter-district transfers will be allowed only after five years and subject to the conditions laid down in G. O. (MS.) No.4/PD. dated 2.1.1961. But according to the G. O. read as second paper above and as clarified by the G. O. read as third paper, Government employees who have entered into inter-caste marriage will be posted to the same station. The intention is that the five year rule stipulated in the G. O. read as first paper should not be applied in the case of Government employees who have entered into inter-caste marriage. In consultation with the Public Service Commission, Government are therefore pleased to order that the five year rule stipulated in Para 3 (i) and (ii) of G.O. (MS) No. 154/71/PD. Dated 27.5.1971 will not apply to persons who have entered into inter-caste marriage and those postings may be ordered in accordance with G. O. (MS) No. 256/75/PD. Dated 1.11.1975 as clarified in G.O. (MS.) No.106/76/PD. Dated 1.4.1974., The conditions laid down in G. O. (MS) 4/PD. dated 2.1.1964., will however be insisted on in their case also.

The orders in G.O.(MS) No. 154/71/PD. Dated 27.5.1971 are modified to the above extent.

By order of the Governor,

P. Madhavan Nair,
Joint Secretary.

## GOVERNMENT OF KERALA

### Abstract

Harijan Welfare - Concessions to children born of inter-caste marriage for all purposes - Orders issued.

### DEVELOPMENT (C) DEPARTMENT

G. O. No. 11/77/DD Dated, 25-1-1977

Read: - 1. G.O. MS. No. 298/61/Rev. dated 23-3-1961.
2. G.O. MS. No. 365/66/DD dated 15-9-1966.
3. -do- 256/73/PD dated 1-11-1975.
4. Letter No. SV/LIC/99891/APPL. dt. 3-5-74.
5. G.O. MS. No. 106/76/PD dated 1-1-1976.

### ORDER

In the G.O. read as 1st paper, Govt. within a view to encouraging inter-caste marriage, ordered that children born of inter-caste marriages will be allowed all educational concessions given to Scheduled Caste or Scheduled Tribe communities provided either the father or mother belong to a scheduled caste or scheduled

tribe community.

In the letter read as fourth paper, the Kerala P. S. C. has requested for a clarification whether the children born or parents one of whom is a member of the scheduled caste/scheduled tribe community may be treated as belonging to either the mother's community or the father's community.

After examining all aspects of the case, Government Order that the principle communicated in the G.O. read as 1st paper above will be adopted for determining the caste of the children born of inter-caste marriage for all purposes, according to which the children will be treated as belonging to scheduled caste or scheduled tribe community, if either of the parents belongs to that community.

By order of the Governor,

R. KUNJUKRISHNA PILLAI,
Jt. Secretary.

To
All Heads of departments and officers.

Forward/By order
Sd/-
Section Officer

## മിശ്രവിവാഹിതരുടെ ഒരു സാമ്പിൾ സർവേ

കേരളത്തിലെ ജനസംഖ്യയിൽ പത്തുശതമാനത്തോളം മിശ്രവിവാഹിതരും അവരുടെ കുടുംബാംഗങ്ങളും ഉണ്ടെന്നാണു കണക്കുകൾ കാണിക്കുന്നതു്. മിശ്രവിവാഹിതരുടെ എണ്ണം ഏററവും കൂടുതൽ ആലപ്പുഴ ജില്ലയിലും കുറവു് മലപ്പുറം ജില്ലയിലും ആണു്.

ഇതുവരെ നടന്ന മിശ്രവിവാഹിതരുടെ ഒരു സാമ്പിൾ സർവേ താഴെകൊടുക്കുന്നു.

| | | പുരുഷന്മാർ (ശതമാനം) | സ്ത്രീകൾ (ശതമാനം) |
|---|---|---|---|
| 1. | ഈഴവർ | 28 | 25 |
| 2. | നായർ | 11 | 16 |
| 3. | ഭരതർ | 14 | 4 |
| 4. | വിശ്വകർമ്മജർ | 6 | 14 |
| 5. | വേലൻ | 14 | 3 |
| 6. | പുലയർ | 6 | 3 |
| 7. | സാംബവർ | 2 | 2 |
| 8. | മററു ഹിന്ദുക്കൾ | 11 | 9 |
| 9. | ക്രിസ്ത്യാനികൾ | 6 | 21 |
| 10. | മുസ്ലീം | 1 | 2 |
| 11. | ജാതി-മതരഹിതർ | 1 | 1 |
| | ആകെ | 100 | 100 |

## മിശ്രവിവാഹസംഘം ഭാരവാഹികളുടെ മേൽവിലാസം

സ്റ്റേററു്-ജില്ലാതല ഭാരവാഹികളുടെ അഡ്രസ്സ് താഴെ ചേർക്കുന്നു. മിശ്രവിവാഹിതർക്കു് അവരുടെ പ്രശ്നങ്ങളുമായി ഏതവസ

രത്തിലും സമീപിക്കാവുന്നതാണ്.

## സംസ്ഥാന ഭാരവാഹികൾ

1. എൻ. ചന്ദ്രബോസ് (പ്രസിഡൻറ്)
   അജിത്ഭവൻ,
   കുമാരപുരം, മെഡിക്കൽകോളേജ് പി. ഒ., തിരുവനന്തപുരം.
2. സി. ആർ. ദാമോദരൻ (വൈസ് പ്രസിഡൻറ്)
   മിശ്രാലയം, തൈക്കാട്ടുശ്ശേരി, ഒല്ലൂർ, തൃശൂർ.
3. പ്രൊഫ: അരുമാനൂർ നിർമ്മലാനന്ദൻ, (ജനറൽ സെക്രട്ടറി)
   മേടയിൽ, ജഗതി, തിരുവനന്തപുരം.
4. കൊട്ടിയം ഷംസു,
   ബീനാ സ്റ്റുഡിയോ, കൊട്ടിയം, കൊല്ലം.

## ജില്ലാ സെക്രട്ടറിമാർ

| | |
|---|---|
| 1. തിരുവനന്തപുരം | റഷീദ് കുളത്തൂർ,<br>വി. എസ്. എസ്. സി.-<br>അക്കൗണ്ട്സ്<br>ഐ. എസ്. ആർ. ഒ.<br>തിരുവനന്തപുരം. |
| 2. ആലപ്പുഴ– | ഭരതൻ<br>കോളഭാഗത്തുവീട്,<br>പെരിങ്ങാല<br>കായങ്കുളം പി. ഒ. |
| 3. കോട്ടയം – | ജി. ഷൺമുഖം,<br>ഗവ: ഓഫ് ഇന്ത്യ പ്രൊഡക്ഷൻ-<br>സെൻറർ, ഏറ്റുമാനൂർ.<br>പിൻ-686631 |

| | |
|---|---|
| 4. ഇടുക്കി– | ചെല്ലപ്പൻ കാപ്പിൽ,<br>വഴിത്തല പി. ഒ.<br>തൊടുപുഴ |
| 5. എറണാകുളം– | പ്രൊ: എം. കൃഷ്ണൻ<br>ഗവ: സംസ്കൃതകോളേജ്,<br>തൃപ്പൂണിത്തുറ<br>എറണാകുളം |
| 6. തൃശൂർ– | സി. ആർ. ദാമോദരൻ<br>മിശ്രാലയം, തെക്കാട്ടുശ്ശേരി<br>ഒല്ലൂർ പി. ഒ.<br>തൃശൂർ |
| 7. പാലക്കാട്– | കെ. രവീന്ദ്രൻ<br>ഹൗസ് നമ്പർ8/229,<br>മേട്ടുസ്ട്രീറ്റ്, ശേഖരിപുരം<br>പാലക്കാട്. |
| 8. മലപ്പുറം– | എം. ആർ. രാധാകൃഷ്ണൻ,<br>റീസർവേ ഓഫീസ്<br>കളക്ട്രേറ്റ്<br>മലപ്പുറം |
| 9. കണ്ണൂർ – | എടത്തിൽ ബാലകൃഷ്ണൻ<br>ലീലാഭവൻ,<br>തലശ്ശേരി. |
| 10. ~~കൊല്ലം~~ പത്തനംതിട്ട | രാമാനുജൻ,<br>കല്പക ഡ്രഗ്സ്<br>അടൂർ. |

# മിശ്രവിവാഹ സംഘം

## കേരള സർക്കാരിന് സമർപ്പിക്കുന്ന അവകാശപ്പത്രിക

1 കേരളത്തിലെ ഒന്നര ലക്ഷത്തോളം വരുന്ന മിശ്രവിവാഹ കുടുംബങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കേണ്ടതാണ്.

2 മിശ്രവിവാഹ സംഘം നൽകുന്ന വിവാഹ സർട്ടിഫിക്കററിന് എല്ലാ തലങ്ങളിലും അംഗീകാരം നൽകുകയും ഹരിജന ക്ഷേമവകുപ്പ്, ആനുകൂല്യങ്ങൾ നൽകുന്നതിന് സംഘത്തിൻെറ സർട്ടിഫിക്കററ് നിരസിക്കുന്ന നടപടി ഉടനെ പുന:പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

3 മിശ്രവിവാഹ ബിൽ അസംബ്ളിയിൽ അവതരിപ്പിച്ച് നിയമമാക്കണം.

4 മിച്ചഭൂമിയും കൃഷിയ്ക്കുത വനഭൂമിയും വിതരണം ചെയ്യുമ്പോൾ 15 ശതമാനം മിശ്രവിവാഹിതർക്കായി നീക്കിവയ്ക്കുകയും അത് യഥാസമയം പതിച്ചുകൊടുക്കുകയും വേണം.

5 കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലേയ്ക്കുമുള്ള നിയമനങ്ങളിൽ മിശ്രവിവാഹിതർക്കും അവരുടെ സന്താനങ്ങൾക്കും 10 ശതമാനം സംവരണം ചെയ്യേണ്ടതാണ്. മിശ്രവിവാഹിതരിൽ ഒരാൾ ഹരിജനല്ലെങ്കിലും ഈ ആനുകൂല്യം നൽകണം.

6 മെഡിക്കൽ കോളേജുകളും എൻജിനിയറിംഗ് കോളേജുകളും ഉൾപ്പെടെ, കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ നിയന്ത്രണത്തിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മിശ്രവിവാഹിതർക്കും അവരുടെ സന്താനങ്ങൾക്കും പത്തുശതമാനം സംവരണം ഏർപ്പെടുത്തേണ്ടതാണ്.

7 സർക്കാർ ജീവനക്കാർക്ക് ഗവൺമെൻറ് നൽകി വരുന്ന ഹൗസ് കൺസ്ട്രക്ഷൻ ലോണിൻെറ ഒരു നിശ്ചിത ശതമാ

നം മിശ്ര വിവാഹിതർക്കായി സംവരണം ചെയ്യണം.

8 മിശ്രവിവാഹിതർക്ക് ഹൗസിംഗ് അഡ്വാൻസിൽ പ്രയോർട്ടി അനുവദിക്കുന്ന G. O. (P) No. 17/78 Fin. dt, 4-1-78 Tvm· 4/1/78 ഒന്ന് ഹരിജനായിരിക്കണമെന്ന് പറയുന്നു. ആഭാഗം പരിഷ്ക്കരിച്ച് എല്ലാ മിശ്രവിവാഹിതർക്കും പ്രയോജനപ്പെടത്തക്ക വിധത്തിലാക്കണം.

9 കേരളാ ഹൗസിംഗ് ബോർഡിന്റെ എല്ലാ സ്കീമുകളിലും പത്തുശതമാനം സംവരണം ചെയ്യണം.

10 ഗവൺമെൻറ് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിൽ മിശ്രവിവാഹിതരുടെ പ്രയോരിററി ഒന്നാമത്തേതായിരുന്നു. അതു പുനഃസ്ഥാപിക്കണം.

11 മിശ്രവിവാഹിതർക്ക് (ജില്ലാ റിക്രൂട്ട്മെൻറ് ആണെങ്കിൽ) ട്രാൻസ്ഫർ നൽകുമ്പോൾ സീനിയോരിററി നഷ്ടപ്പെടുന്നതു് ഒഴിവാക്കണം.

12 മിശ്രവിവാഹിതർക്ക് സർക്കാർ നൽകിവരുന്ന ഗ്രാൻറ് 5000 രൂപയായി ഉയർത്തുകയും അത് അർഹതയുള്ളവർക്ക് അതാതുവർഷങ്ങളിൽ തന്നെ വിതരണം ചെയ്യുകയും വേണം.

13 മിശ്രവിവാഹിതർക്ക് ഒരു കേന്ദ്ര ഓഫീസ് സ്ഥാപിക്കുന്നതിന് തിരുവനന്തപുരം നഗരത്തിനുള്ളിൽ 10 സെൻറ് സ്ഥലവും പ്രവർത്തനത്തിനു പ്രതിവർഷം ഒരു ഗ്രാൻറും അനുവദിക്കണം.

14 സർവ്വീസിലിരിക്കുമ്പോൾ മരിക്കുന്നവരുടെ ആശ്രിതക്ക് ജോലി നൽകുമ്പോൾ വാർഷിക വരുമാനം കണക്കിലെടുക്കാറുണ്ട്. മിശ്രവിവാഹിതരുടെ കാര്യത്തിൽ ഈ വരുമാന പരിധി ഒഴിവാക്കേണ്ടതാണ്. മരിച്ചയാൾക്ക് 5 വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധനയും ഒഴിവാക്കണം.

15 ഹരിജൻ വിഭാഗത്തിൽപ്പെട്ട താൽക്കാലിക ജീവനക്കാരെ തുടരാൻ അനുവദിക്കുന്ന നിയമത്തിലെ കാലപരിധി മിശ്ര

വിവാഹിതരായ ഹരിജനങ്ങളുടെ കാര്യത്തിൽ ഒഴിവാക്കണം.

16 അസംബ്ലിയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മിശ്രവിവാഹിതർക്കു് പ്രാതിനിധ്യം ലഭിക്കാനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളണം.

17 മിശ്രവിവാഹിതരുടെ കുട്ടികൾക്കു് വിദ്യാഭ്യാസ ഗ്രാൻറ് അനുവദിക്കണം.

18 മിശ്രവിവാഹിതരുടെ കുട്ടികളുടെ പ്രവേശന ഫാറത്തിലും എസ്. എസ്. എൽ. സി. ബുക്കിലും ജാതിയും മതവും എഴുതാതിരിക്കാനുള്ള ഉത്തരവു് സർക്കാർ പുറപ്പെടുവിക്കണം.

19 മിശ്രവിവാഹിതർക്കു് സർക്കാർ അനുവദിച്ച സ്ഥലമാററ ആനുകൂല്യങ്ങൾ ഇലക്ട്രിസിററി ബോർഡ് അഞ്ചുവർഷമാക്കി പരിമിതപ്പെടുത്തിയതു് റദ്ദാക്കണം.

20 മിശ്രവിവാഹത്തിൽ ഏർപ്പെടുന്നവർ രണ്ടും മുന്നോക്ക സമുദായത്തിൽപ്പെടുന്നവരാണെങ്കിലും അവർക്കു് എല്ലാ ആനുകൂല്യങ്ങളും നൽകണം.

21 ഹരിജനവിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു് സീനിയോരിററി നിശ്ചയിക്കുമ്പോൾ ടെസ്റ്റ് ക്വാളിഫിക്കേഷൻ ഒഴിവാക്കിയിട്ടുള്ളതുപോലെ മിശ്രവിവാഹിതർക്കും ഒഴിവാക്കേണ്ടതാണു്.

സംസ്ഥാന കമ്മിററിക്കുവേണ്ടി

പ്രൊഫ: **അരുമാനൂർ നിർമ്മലാനന്ദൻ**
ജനറൽ സെക്രട്ടറി
രാജധാനി ടൂറിസ്റ്റ്ഹോം
തിരുവനന്തപുരം.

# മിശ്രവിവാഹിതരുടെ പ്രശ്നങ്ങൾ.

മിശ്രവിവാഹിതരുടെ പ്രശ്നങ്ങൾ അനവധിയാണ്. ഒരു തിസീസ് എഴുതി ഡോക്ടറേറ്റ് സമ്പാദിക്കത്തക്കവണ്ണമുണ്ട് അവ. ജാതിയെയും മതത്തെയും യാഥാസ്ഥിതികരായ സ്വന്തം ബന്ധുജനങ്ങളെയും വെല്ലുവിളിച്ചുകൊണ്ടു നടത്തുന്ന വിവാഹങ്ങളാകുമ്പോൾ ശക്തമായ എതിർപ്പുകളെ നേരിടേണ്ടിവരും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാകുമ്പോൾ അതിനെ നേരിടാൻ അവർക്കുവേണ്ടതു് സാമ്പത്തികമാണ്. കഷ്ടതയനുഭവിക്കുന്ന മിശ്രവിവാഹിതർക്കെല്ലാം സാമ്പത്തിക സഹായം എത്തിക്കത്തക്ക രീതിയിൽ സംഘടന വളർന്നിട്ടില്ലെന്നതു സത്യമാണ്. മററു സഹായങ്ങൾ ചെയ്തു കൊടുക്കാനെ സംഘടനയ്ക്കു കഴിയുന്നുള്ളു. മിശ്രവിവാഹിതരിൽ ഭൂരിപക്ഷവും സംഘടനയുമായി ബന്ധപ്പെടുന്നതിൽ ഔത്സുക്യം കാണിക്കാറില്ല. എന്തെങ്കിലും ആവശ്യമുള്ളപ്പോൾമാത്രം സംഘടയുമായി ബന്ധപ്പെടുകയും അതുകഴിഞ്ഞാൽ ഒന്നിലും സഹകരിക്കാറുമില്ല. സാമ്പത്തികമായും ഔദ്യോഗികമായും ഉന്നതതലത്തിലുള്ള മിശ്രവിവാഹിതർ ഗവ: ൽ നിന്നും ആനുകൂല്യങ്ങൾ ചുളുവിൽ തട്ടിയെടുക്കുകയും സംഘടനയെ പുച്ഛമായി കാണുകയും ചെയ്യാറുണ്ട്. സംഘടന ത്യാഗപൂർവ്വം പ്രവർത്തിച്ചതിൻെറ ഫലമാണ് ഈ നേട്ടങ്ങൾ എന്ന് അവർ ഒരിക്കലും ഓർക്കാറില്ല. മിശ്രവിവാഹിതർ എന്നു പറയാൻപോലും അവർ മടികാണിക്കാറുണ്ട്.

മിശ്രവിവാഹത്തെ ശക്തിയായി എതിർത്തതിനുശേഷം മതപരിവർത്തനത്തിനു നിർബന്ധിക്കുന്നപതിവ് ഇന്നു സാർവ്വത്രികമായി കണ്ടുവരുന്നുണ്ട്. മതപരിവർത്തനം മിശ്രവിവാഹത്തിൻെറ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. സംഘടിതമതക്കാർ പാവപ്പെട്ടമിശ്രവിവാഹിതരെ അപൂർവ്വമായി ചൂഷണംചെയ്തു് വിജയിക്കാറുണ്ട്.

ആശയ ധീരരായ മിശ്രവിവാഹിതർപോലും കുഴങ്ങിപോകുന്ന ചില സന്ദർഭങ്ങളുണ്ട്. കുട്ടികളെ സ്കൂളിൽ ചേർക്കാൻ ചെല്ലുമ്പോൾ ചില സ്കൂളധികൃതർ ജാതിയും മതവും രേഖപ്പെടുത്തിയില്ലെങ്കിൽ അഡ്മിഷൻ കൊടുക്കുകയില്ലെന്നു ശാഠ്യം പിടിക്കാറുണ്ട്. (ജാതിയും മതവും രക്ഷകർത്താവ് രേഖപ്പെടുത്തീയിട്ടില്ലെങ്കിൽ രജിസ്റ്ററിൽ NOT STATED എന്നെഴുതിവച്ചാൽ മതിയെന്ന് വ്യക്തമായ ഓർഡറുണ്ട്.) തങ്ങളുടെ ഓമനമക്കളെ പഠിപ്പിക്കാൻവേണ്ടി അച്ഛൻെറയോ, അമ്മയുടേയോ മതവും ജാതിയും മനസ്സില്ലാ മനസ്സോടെ രേഖപ്പെടുത്തുന്നവരും ഉണ്ട്. ഹ്യസ്. എസ്. എൽ. സി ബുക്കിൽ ജാതിയും മതവും രേഖപ്പെടുത്തിയിരിക്കണമെന്ന് വ്യക്തമായ ഓർഡറുണ്ട്. (മേൽപ്പറഞ്ഞ ഓർഡറിൻെറ നേരെ എതിർ ഓർഡർ. രണ്ടും ഗവണ്മെൻറുതന്നെ ഇറക്കിയിട്ടുള്ളതാണ്.) അവിടെയും മിശ്രവിവാഹിതർ മുട്ടുകുത്തിപോകുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിശ്രവിവാഹിതർക്കു തൊഴിൽ നൽകിയും മററും സഹായിക്കേണ്ട ചുമതല ഗവണ്മെൻറിൻെറ കടമയാണ്. മദ്രാസ് ഗവ: മിശ്രവിവാഹിതർക്കെല്ലാം 5000 രൂപ ധനസഹായമായി നൽകുന്നുണ്ട്.

മിശ്രവിവാഹിതരുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 21 ആവശ്യങ്ങളടങ്ങിയ ഒരു അവകാശപത്രിക സംഘം കേരളസർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഗവണ്മെൻറ് അതിനുമേൽ നടപടികളൊന്നും എടുത്തതായി അറിവില്ല. മിശ്രവിവാഹിതരുടെ നീറുന്ന പ്രശ്നങ്ങൾക്ക് ഒററ വഴിയേയുള്ളു. സംഘടിച്ച് ശക്തരായി ഒരു കൊടുങ്കാററുപോലെ ആഞ്ഞടിക്കുക. അതിനുവേണ്ടി കേരളത്തിലെ എല്ലാ മിശ്രവിവാഹിതരും ഒരു കൊടിക്കീഴിൽ അണിനിരക്കുക.

## ാഹ പ്രസ്ഥാനം കേരളത്തിൽ

**ജി. ഷൺമുഖം**

ച മിശ്രവിവാഹ പ്രസ്ഥാനത്തിന്റെ ചരിത്രം, ംഘത്തിന്റെ പ്രവർത്തനനേട്ടങ്ങൾ, മിശ്രവിവാ ണ്ടരീതികൾ, മിശ്രവിവാഹിതർക്കുള്ള ആനുകൂല്യ നിന്നും പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ സൂ ുകൾ, സാമ്പിൾ സർവേ, സ്റ്റേററു–ജില്ലാതല സം ുടെ മേൽവിലാസങ്ങൾ എന്നിവ ഉൾക്കൊള്ളി ലഖന സമാഹാരം.

ർത്താവായ ജി. ഷൺമുഖം 1937 ൽ തിരുവനന്ത മലയിൻകീഴിൽ ജനിച്ചു. 1960 മുതൽ മിശ്രവി ുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുവരുന്നു. 1966 ൽ ജാസഫ്, വി. ആർ. കൃഷ്ണയ്യർ, കററിപ്പുഴ കൃഷ്ണപിള്ള പങ്കെടുത്ത പൊതുസമ്മേളനത്തിൽ വച്ച് മിസ്സിസ് ശാന്റെ കാർമ്മികത്വത്തിൽ മിശ്രവിവാഹിതനായി. രണ്ടു ണ്ടു്. മൂത്തമകൾ സരിത ഏററുമാനൂർ ഗവ: കോമേഴ്സ്യ് ററ്യൂട്ടിൽ ഡിപ്ലോമകോഴ്സിനു പഠിക്കുന്നു. ഇളയ മകൻ ്കുമാർ കോട്ടയം സി. എം. എസ്സ്. കോളേജിൽ പ്രീഡി ണ്ടാം വർഷവിദ്യാർത്ഥിയാണ്.

ലേഖകൻ മിശ്രവിവാഹസംഘം കോട്ടയം ജില്ലാ സെക്രട്ടറി, ്യൻ യുക്തിവാദിസംഘം കേരള സംസ്ഥാന സെക്രട്ടറി, എ നിലകളിലും, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, ഇസ്കസ്സ് ീ സംഘടനകളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുവരുന്നു.